ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/2159/2025-DB1 തീയതി: 24-04-2025

# സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- ദേശീയ റോഡ് സുരക്ഷാ മാസം (NRSM)- സംബന്ധിച്ച്

സൂചന: 1. അഡീഷണൽ സെക്രട്ടറി, എം ഒ പി ആർ യുടെ 15-01-2025 തീയതിയിലെ D.O 11015/7/2025-CB നമ്പർ ഡി ഒ കത്ത്

എല്ലാവർക്കും സുരക്ഷിതമായ റോഡുകൾ എന്ന ലക്ഷ്യം പ്രോത്സാഹിപ്പിക്കുന്നതിനായി റോഡ് ഗതാഗത ഹൈവേ മന്ത്രാലയം 2025 ജനുവരി 1 മുതൽ ജനുവരി 31 വരെ ദേശീയ റോഡ് സുരക്ഷാ മാസം (NRSM) ആചരിക്കുന്നു എന്നും അതിനാൽ, സംസ്ഥാനത്ത് റോഡ് സുരക്ഷാ അവബോധം പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ, പൗരന്മാർക്കിടയിൽ റോഡ് സുരക്ഷയുടെ പ്രാധാന്യം ഊന്നിപ്പറയുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ശിൽപശാലകൾ, ബോധവൽക്കരണ ഡ്രൈവുകൾ, പ്രചാരണങ്ങൾ എന്നിവ സംഘടിപ്പിക്കണമെന്നും സൂചന കത്ത് മുഖേന ആവശ്യപ്പെട്ടിരിക്കുന്നു. താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ ഉചിതമായ റോഡ് സുരക്ഷ അവബോധം സൃഷ്ടിക്കാവുന്നതാണ്.

**a) പോസ്റ്ററുകളും ബാനറുകളും:**

ഹെൽമറ്റ്, സീറ്റ് ബെൽറ്റ് ബോധവൽക്കരണം, മദ്യപിച്ച് വാഹനമോടിക്കുന്നത് തടയൽ, സുരക്ഷാ പ്രതിജ്ഞകൾ തുടങ്ങിയ വിജ്ഞാനപ്രദമായ റോഡ് സുരക്ഷാ പോസ്റ്ററുകൾ മാർക്കറ്റുകൾ, സ്കൂളുകൾ, പഞ്ചായത്ത് ഭവനുകൾ തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുക.

**b) സൈനേജ് ഇൻസ്റ്റലേഷനും സ്പീഡ് ബ്രേക്കറുകളും:**

റോഡ് സുരക്ഷാ ബോർഡുകൾ സ്ഥാപിക്കുക, പ്രത്യേകിച്ച് സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, മതപരമായ സ്ഥലങ്ങൾ, മറ്റ് പൊതു ഇടങ്ങൾ എന്നിവയ്ക്ക് സമീപം സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുക.

**c) നല്ല സമരിയൻ അംഗീകാരം (Good Samaritan Recognition):**

റോഡപകടത്തിൽപ്പെട്ടവരുടെ ജീവൻ രക്ഷിച്ച വ്യക്തികളെ ആദരിക്കുന്നതിനായി ചടങ്ങുകൾ സംഘടിപ്പിക്കുക.

**d) പോലീസ്, ട്രാൻസ്‌പോർട്ട് ഉദ്യോഗസ്ഥർ എന്നിവരുമായുള്ള സഹകരണം:**

ട്രാഫിക് പോലീസിനെയും ഗതാഗത ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി റോഡ് സുരക്ഷ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രദർശനങ്ങളും ശിൽപശാലകളും സങ്കടിപ്പിക്കുക.

മേൽ പരാമർശിച്ച മാർഗ്ഗങ്ങളിലൂടെ ഉചിതമായ റോഡ് സുരക്ഷ അവബോധം സൃഷ്ടിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Sandeep K G
Date: 24-04-2025 12:05:15

Sandeep K G
CHIEF ENGINEER